# വിപശ്യനാ പത്രിക

*സയാജീ ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 7, No. 12 : ഡിസമ്പർ 2014** — **വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്**
**മലയാളം മാസ പത്രിക** — **ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര**


### *ധർമ്മ വാണി*

| | |
|---|---|
| *മാതാപിതു ഉപട്ഠാനം,* | മാതാപിതാക്കളെ ശിശ്രൂഷിക്കുക, |
| *പുത്തദാരസ്സ സങ്ഗഹോ,* | പുത്രകളത്രാദികളെ സംരക്ഷിക്കുക, |
| *അനാകുലാ ച കമ്മന്താ,* | വ്യാകുലമാക്കാത്ത, നിഷ്പാപമായ തൊഴിൽ ചെയ്യുക |
| *ഏതം മംഗലമുത്തമം.* | ഇതാണ് ഉത്തമായ മംഗളം. |

— **ഖുദ്ദക നികായ, ഖുദ്ദകപാഠപാളി, മംഗളസുത്തം** (വീ.ആർ.ഐ. 1.4)

## മൂന്നു ദിന പ്രവചനം — 2

**എസ. എൻ. ഗോയങ്ക**

*(ഗോയങ്കജിയുടെ മൂന്നു ദിന ശിബിരത്തിലെ പ്രവചനം)*

...ആരംഭിക്കുമ്പോൾ വളരെ ഘനീഭൂതമായ സംഘടിതമായ സത്യമായിരിക്കും കാണുന്നത്. നോക്കി, നോക്കി ദൃഷ്ടാ ഭാവത്തിൽ, സാക്ഷീ ഭാവത്തിൽ പുതിയ വികാരം ജനിപ്പിക്കാതെ യിരിക്കുമ്പോൾ ഘനത്വം ഉടഞ്ഞു തുടങ്ങും. ഘനീഭൂതമായവ അയഞ്ഞു തുടങ്ങും. ചെറുത്, അതിലും ചെറുത് കണ്ടു തുടങ്ങും. അപ്പോൾ ഭൗതികശരീരത്തിന്റെ അന്തിമമായ സത്യത്തിൽ സാധകൻ എത്തിചേരുന്നു – കേവലം തരംഗങ്ങൾ, തരംഗങ്ങൾ! മുഴുവൻ ശരീരവും ഇപ്രകാരമുള്ള ചെറു ചെറു പരമാണു കണങ്ങളെ കൊണ്ട് നിർമ്മിച്ചിട്ടുള്ളതാണ്. അതും ഖരത്വമുള്ളതല്ല. ഈ ശരീരം ഇത്രക്കും ഖരമായി തോന്നുന്ന ശരീരം – സത്യം തന്നെയാണ്, പ്രകടമായ സത്യം, ഭാസമാനമായ സത്യം; അങ്ങനെ തോന്നുന്ന സത്യം. ഈ സത്യത്തിന്റെ അന്തിമമായ വാസ്തവികത എന്താണ്? അനുഭവിച്ചറിയാൻ സാധിക്കുന്നു – തരംഗങ്ങൾ മാത്രം തരംഗങ്ങൾ, തരംഗങ്ങൾ! പഴയ സാധകരാണ് എല്ലാവരും. ചിലർ ഒരു ശിബിരമായിരിക്കും ചെയ്തിട്ടുള്ളത്. ചിലർ അനേകം ചെയ്തിരിക്കും. ഇതിന്റെ ചെറുതായ മിന്നലടയാളം കണ്ടുതുടങ്ങും – സാധന ചെയ്തു ചെയ്തു ഖരത്വം ഇല്ലാതായി. അതിലും ചെറുതും(സൂക്ഷ്മം), വീണ്ടും ചെറുതുമായ സത്യം പ്രകടമാകും. ഇപ്പോൾ അന്തിമമായ സൂക്ഷ്മ സത്യത്തിൽ എത്തിയിട്ടില്ല. എന്നാൽ ആ ദിശയിലേക്ക് ചലിച്ചുകൊണ്ടിരിക്കുകയാണ്. മുന്നേറിക്കൊണ്ടിരിക്കുകയാണ്. ശരീരം മുഴുവനും തരംഗങ്ങളല്ലാതെ മറ്റൊന്നുമില്ലാത്ത അവസ്ഥയിലേക്ക് എത്തിചേരും. ഖരത്വത്തിന്റെ തരിപോലുമില്ലാത്ത അവസ്ഥ. അനേകം സാധകർ എത്തി ചേരുന്നുണ്ട്. തരംഗങ്ങൾ മാത്രം, തരംഗങ്ങൾ മാത്രം. ഇതേപോലെ ചിത്തത്തേയും വിശ്ലേഷണം ചെയ്തു ചെയ്ത് ആ അവസ്ഥ വരെ എത്തിച്ചേരും – ഈ ചിത്തമുണരുന്നു, ആ ചിത്തമുണരുന്നു, ചിത്തതിന്റെ ഈ ഭാഗമുണരുന്നു, ആ ഭാഗമുണരുന്നു – തരംഗങ്ങൾ തന്നെ തരംഗങ്ങൾ, മറ്റൊന്നുമില്ല! അതേ പോലെ ചിത്തവൃത്തിയെ നിരീക്ഷിച്ച് വലിയ കട്ടിയായ കനമുള്ളസത്യം പ്രകടമാകും. ആരംഭത്തിൽ ക്രോധമുണർന്നു, എത്ര ഘനീഭൂതമായിട്ടാണ് വന്നത്. ഭയം വന്നു, എത്ര ഘനീഭൂതമായിട്ടാണ് വന്നത്? വാസനയുണർന്നു, എത്ര ഘനീഭൂതമായിട്ടാണ് വന്നത്. നോക്കി കൊണ്ടേയിരുന്നമ്പോൾ കഷ്ണം കഷ്ണമായി ആ അവസ്ഥവരെ എത്തിച്ചേരും – ചിത്തവൃത്തി ഏതുതന്നെയായാലും ശരി, തരംഗങ്ങൾ തന്നെ. തരംഗങ്ങൾ തന്നെ തരംഗങ്ങൾ! തരംഗങ്ങൾ തന്നെ തരംഗങ്ങൾ! മറ്റൊന്നുമില്ല.

ഈ മൂന്നു അന്തിമ സത്യങ്ങളും അനുഭൂതിയിൽ അറിഞ്ഞു തുടങ്ങുമ്പോൾ, ഈ മൂന്ന് അന്തിമ സത്യങ്ങളും എത്രമാത്രം അനുഭൂത മാകുന്നോ, അത്രയും ആ ദിശയിൽ മുന്നേറുകയാണ് ചെയ്യുന്നത്, അത്രയും മനസ്സിൽ നിന്ന് മാലിന്യം ഇളകി പൊയ്ക്കോണ്ടിരിക്കും. കാരണം പുതിയ മാലിന്യം പിടിപ്പിക്കുന്നുമില്ല. ഈ ജോലി ചെയ്യുന്നത് പുതിയ മാലിന്യം ശേഖരിക്കാതിരിക്കു വാനുമായിട്ടാണ്. എന്നാൽ ഇപ്പോൾ ജോലിയുടെ ആരംഭഘട്ടമായതുകൊണ്ട് ഒരു മണിക്കൂർ, ഒരു മണിക്കൂർ ധ്യാനത്തിനായിട്ടിരിക്കും. എന്നാൽ അതിൽ വളരെ സമയം പുതിയ മാലിന്യം ശേഖരിക്കുന്നതിൽ പോകും. കുറച്ചു സമയം ബാക്കിയുള്ളതിൽ ചില ക്ഷണങ്ങളെങ്കിലും ലഭിച്ചു. പതുക്കെ പതുക്കെ ചില സെക്കന്റുകളാകും. അത് കൂടി കൂടി ചില മിനിറ്റുകളാകും – പുതിയ മാലിന്യം സ്വരൂക്കൂട്ടാത്ത ചില മിനിറ്റുകൾ. നമ്മൾ പുതിയ പ്രതിക്രിയ ചെയ്യുന്നില്ല. രാഗം ഉണർത്തിയില്ല,

ദ്വേഷം ഉണർത്തിയില്ല, നല്ല സമതയിൽ ഇരുന്നു, അവയുടെ ഉദ്ഭവസ്ഥാനമായ ആഴങ്ങളിൽ വരെ സമതയിൽ ഇരുന്നു. ഇങ്ങനെയുള്ള എതാനും ക്ഷണങ്ങൾ, നിമിഷങ്ങൾ ലഭിച്ചുതുടങ്ങിയപ്പോൾ നിർമ്മലത വന്നു തുടങ്ങി. ഈ പരിശീലനം ചെയ്ത് ചെയത് ആ ഒരു അവസ്ഥയിൽ സാധകർ എത്തിച്ചേരും – പുതിയ വികാരം തെല്ലും ജനിപ്പിക്കുന്നില്ല, പഴയവ അടർന്നുകൊഴിഞ്ഞു മുഴുവനായും പോയും കഴിഞ്ഞു.

ആദ്യമായി ഇളകുന്നത് നമ്മെ അധോഗതിയിലേക്ക്, താഴ്ന്ന തലങ്ങളിലേക്ക് കൊണ്ടുപോകുന്ന വികാരങ്ങളാണ് ഇളകി പോകുന്നത്. അത് ആദ്യം ഇളകി വരും, ഇത് മറ്റൊന്നുമല്ല പ്രകൃതിയുടെ കൃത്യമായ നിയമമാണ്, ആരുടെയും കൃപ മൂലമല്ല. ആരുടേയും അനുകമ്പമൂലമല്ല. ഉദാഹരണമായി ഈ മുറി വൃത്തിയാക്കണമെങ്കിൽ, ആദ്യം വലിയ വലിയ ചവറുകൾ അടിച്ചുവാരുമ്പോൾ പോകും. വീണ്ടും അടിച്ചുവരുമ്പോൾ അതിലും ചെറിയവ, വീണ്ടും ബ്രഷുകൊണ്ടും മറ്റും വൃത്തിയാക്കുമ്പോൾ അതിലും ചെറിയവ പോകും. സോപ്പും തുണിയുമുപയോഗിച്ച് ഉരച്ച് കഴുകുമ്പോൾ അതിലും സൂക്ഷമായ അഴുക്കുകൾ ഇളകി പോകും. ഇങ്ങനെ അഴുക്കുകൾ ഇളകി പൊയ്ക്കൊണ്ടിരിക്കും. ഇത് പ്രകൃതിയുടെ നിയമമാണ്. അതേപോലെ നമ്മൾ വിപശ്ശനയുടെ ജോലി ആരംഭിക്കുമ്പോഴും ആദ്യം വളരെ വലിയ വലിയ വികാരങ്ങൾ, നമ്മളെ ഏറ്റവും അധോഗതിയിലേക്ക് കൊണ്ടുപോകുന്നവ, താഴ്ന്ന ഗതി തരുന്നവ, ഇളകുവാൻ തുടങ്ങും. ഇളകി പൊയ്ക്കൊണ്ടേയിരിക്കും. അധോഗതിയിലേക്ക് നയിക്കുന്ന സകല കർമ്മ സംസ്ക്കാരങ്ങളും കഴുകി കളഞ്ഞ അവസ്ഥ എത്തുമ്പോൾ ഈ ശരീരം, ഈ ചിത്തം, ഈ ചിത്തവൃത്തി എന്നിവക്കപ്പുറത്തുള്ള അവസ്ഥയും അനുഭൂതമാകും.

ഈ മേഖലയിലുള്ള എല്ലാ അനുഭൂതികളും അറിഞ്ഞു, ശരീരവുമായി ബന്ധപ്പെട്ടു, ഉത്പന്നമാകുകയും നശിക്കുകയും ചെയ്തു കൊണ്ടി രിക്കുന്ന അവസ്ഥ അറിയുന്നിടത്ത് എത്തി – ഉത്പന്നമാകുന്നു, നഷ്ടമാകുന്നു, തരംഗങ്ങൾ തന്നെ തരംഗങ്ങൾ. ചിത്തവുമായി ബന്ധപ്പെട്ട അനുഭൂതി കളെ അറിഞ്ഞ് അറിഞ്ഞ് – സർവ്വവും തരംഗങ്ങൾ തന്നെ തരംഗങ്ങൾ. ചിത്തവൃത്തിയെ ബന്ധപ്പെട്ട അനുഭൂതികളെ അറിഞ്ഞ് അറിഞ്ഞ് – സർവ്വവും തരംഗങ്ങൾ തന്നെ തരംഗങ്ങൾ! അപ്പോൾ ശരീരത്തിന്റെയും മനസ്സിന്റേതുമായ എല്ലാ മേഖലകളും അറിയുന്നു. അതേപോലെ ഈ ആറ് ഇന്ദ്രിയങ്ങളുടെ മേഖലകളും, ഇന്ദ്രിയങ്ങളുടെ വിഷയങ്ങളുടെ ക്ഷേത്രങ്ങൾ – അവയും തരംഗങ്ങൾ മാത്രം! കണ്ണിൽ ധ്യാനം ചെയ്തു നോക്കുമ്പോൾ തരംഗങ്ങൾ മാത്രം. മൂക്കിൽ ധ്യാനം ചെയ്തു നോക്കുമ്പോൾ തരംഗങ്ങൾ മാത്രം. നാവിൽ ധ്യാനം ചെയ്തു നോക്കുമ്പൊഴും തരംഗങ്ങൾ മാത്രം. ചെവിയിൽ ധ്യാനം ചെയ്യുന്നു, തരംഗങ്ങൾ മാത്രം. ശരീരത്തിൽ എവിടെ ധ്യാനം ചെയ്തു നോക്കിയാലും തരംഗങ്ങൾ മാത്രം. മനസ്സിനെ നോക്കിയാലും തരംഗങ്ങൾ മാത്രം. ആറ് ഇന്ദ്രിയങ്ങളുടെ ദ്വാരങ്ങളും നോക്കുമ്പൊൾ തരംഗങ്ങൾ മാത്രം. ഈ ആറു ഇന്ദ്രിയങ്ങളുടെയും വാതിലുകളിൽ വെളിയിലുള്ള വിഷയങ്ങൾ വന്ന് സ്പർശിക്കുന്നു – ചെവിയിൽ ശബ്ദത്തിന്റെ സ്പർശമുണ്ടായപ്പോൾ കേൾക്കുന്നു. ചെവിയിൽ വന്ന് തട്ടിയ ശബ്ദം തരംഗങ്ങൾ തന്നെ, തരംഗങ്ങൾ. കണ്ണിൽ വന്ന് തട്ടിയ രൂപവും തരംഗങ്ങൾ തന്നെ. മൂക്കിൽ വന്ന് തട്ടിയ ഗന്ധവും തരംഗങ്ങൾ തന്നെ, നാവിൽ തട്ടിയ രസവും തരംഗങ്ങൾ തന്നെ. ശരീരത്തിൽ എന്തെങ്കിലും സ്പർശിച്ചു, തരംഗങ്ങൾ തന്നെ. മനസ്സിൽ വന്ന ചിന്തകളും തരംഗങ്ങൾ തന്നെ. ആറ് ഇന്ദ്രിയങ്ങളും തരംഗങ്ങൾ തന്നെ തരംഗങ്ങൾ. ആറു ഇന്ദ്രിയങ്ങളുടെ വിഷയങ്ങളും തരംഗങ്ങൾ തന്നെ. ഈ കാര്യം അനുഭവം കൊണ്ടറിയുന്നു. പ്രത്യക്ഷമായ അനുഭവം കൊണ്ടറിയുന്നു. പുസ്തകങ്ങളിൽ വായിച്ചറി ഞ്ഞതല്ല. ഏതെങ്കിലും ഗുരു പറഞ്ഞതുകൊണ്ട് വിശ്വസിക്കുന്ന കാര്യമല്ല. സ്വന്തം അനുഭവം കൊണ്ട് അറിയുകയാണ്.

ഇങ്ങനെ അറിഞ്ഞറിഞ്ഞ്, ഇതിനും അപ്പുറത്തുള്ള അവസ്ഥകളും നോക്കിത്തുടങ്ങും, അനുഭൂതമാകും – ഇവിടെ തംഗങ്ങളില്ല. ഇത് തരംഗാതീതമായ അവസ്ഥയാണ്. ഇവിടെ എല്ലാ ഇന്ദ്രിയങ്ങളും പ്രവർത്തിചെയ്യുന്നത് അവസാനി ച്ചിരിക്കുന്നു. ഇത് ഇന്ദ്രിയാതീതമായ അവസ്ഥയാണ്, ലോകാതീതമായ അവസ്ഥയാണ്, ഭവാതീതമായ അവസ്ഥയാണ്. ശരീരത്തിനും ചിത്തത്തിനും അപ്പുറത്തുള്ള അവസ്ഥയാണ്. ഇവിടെയാതൊന്നും ഉത്പന്നമാകുന്നില്ല, അതുകൊണ്ട് നഷ്ടവു മാകുന്നില്ല. ഉത്പാദനവുമില്ല, വ്യയവുമില്ല. അപ്പോൾ കാര്യം മനസ്സിലാകുന്നു – ഈ അവസ്ഥ നിത്യമാണ്, ശാശ്വതമാണ്, ധ്രുവമാണ് കാരണം ഇവിടെ യാതൊന്നും പരിവർത്തനവിധേയമാകുന്നില്ല! എന്നാൽ ആ അവസ്ഥയിലേക്കു നയിക്കുന്ന മേഖലകൾ അതായത് – ശരീരത്തിന്റെയും, ചിത്തത്തിന്റെയും, ചിത്തവൃത്തിയുടേയും – ഈ ഇന്ദ്രിയങ്ങളുടെയും, ഇന്ദ്രിയങ്ങളുടെ വിഷയ ങ്ങളുടെയും മേഖലകൾ – തരംഗങ്ങളുടെ മേഖല യാണ്. ഉത്പന്നമാകുക, നഷ്ടമാകുക, ഉത്പന്ന മാകുക, നഷ്ടമാകുക, ഇത് അതിന്റെ സ്വഭാവമാണ്. ഇത് അനിത്യതയുടെ മേഖലയാണ്. ഇത് അതിന്റെ ധ്രുവമായ ധർമ്മമാണ്. ഈ സ്വഭാവം മാറുകയില്ല.

ഭൗതിക ശരീരത്തിന്റെ ഈ സ്വഭാവം മാറുവാൻ പറ്റുന്നതല്ല. അവയിൽ ഉത്പാദ–വ്യയങ്ങൾ ഉണ്ടായികൊണ്ടിരിക്കും. ചിത്തത്തിന്റെ സ്വഭാവങ്ങൾ മാറുകയില്ല. അവയിൽ ഉത്പാദ–വ്യയങ്ങൾ ഉണ്ടായി കൊണ്ടിരിക്കും. ചിത്തവൃത്തിയുടെ ഈ സ്വഭാവ ങ്ങൾ മാറുകയില്ല. അവയിൽ ഉത്പാദ–വ്യയങ്ങൾ ഉണ്ടായികൊണ്ടിരിക്കും. അതുകൊണ്ട് അതിനെ പരമാർത്ഥസത്യം എന്നു പറഞ്ഞു. അവയെ പറ്റിയുള്ള ശരിയായ അറിവ് ലഭിക്കുന്നിടം വരെ എത്തി – ഈ മേഖലകളെല്ലാം, ഉത്പാദ–വ്യയങ്ങളുടെ മേഖലകളെല്ലാം – ഉദ്പാദ–വ്യയങ്ങളുടെ, തരംഗങ്ങളുടെ മേഖലകളാണ് എന്നറിഞ്ഞു. ഇതിന്നപ്പുറത്തുള്ള അവസ്ഥയുടെ അനുഭൂതി ഉണ്ടായി, അതിന്റെ സ്വഭാവവും മാറ്റുവാൻ സാധിക്കുകയില്ല. അതിന്റെ സ്വഭാവം – യാതൊന്നും ഉത്പന്നമാകാത്തതാണ്, വ്യയമാകാത്താണ്. അവിടെ തരംഗങ്ങൾ ഉണരുവാൻ സാധിക്കുന്നേയില്ല. തരംഗം ഉണർന്നാൽ നശിക്കുക തന്നെ ചെയ്യും; ഉത്പന്നമായാൽ നഷ്ടമാകും. ഉത്പാദനമായാൽ വ്യയമാകുന്നു. അവിടെ യാതൊന്നും ഉണ്ടാകുന്നില്ല. എന്നാൽ അത് എങ്ങനെയുള്ള അവസ്ഥയാണ്? ഏതെങ്കിലും വ്യക്തി ആ അവസ്ഥയെകുറിച്ച്

വിവരിക്കുവാൻ തുടങ്ങിയിട്ടുണ്ടെങ്കിൽ, വിശ്ലേഷണം ചെയ്യുവാൻ തുടങ്ങിയാൽ മനസ്സിലാക്കിത്തരുവാൻ ശ്രമിച്ചാൽ മറ്റുള്ളവരെ വഴി തെറ്റിക്കും. ഇന്ദ്രിയങ്ങൾക്കപ്പുറത്തുള്ള അവസ്ഥയെകുറിച്ച്, ഇന്ദ്രിയങ്ങൾ പ്രവർത്തന രഹിതമായിരിക്കുന്ന അവസ്ഥയെ കുറിച്ച് – കണ്ണുകൾ പ്രവർത്തന രഹിതമായിരിക്കുന്നു, മൂക്ക് പ്രവർത്തന രഹിതമായിരിക്കുന്നു, ചെവികൾ പ്രവർത്തന രഹിതമായിരിക്കുന്നു, ത്വക്ക് പ്രവർത്തന രഹിതമായിരിക്കുന്നു, മനസ്സ് പ്രവർത്തന രഹിതമായിരിക്കുന്നു, മൃതമായിരിക്കുന്നു. ആ അവസ്ഥ, ജീവനില്ലാത്തതുപോലുള്ള അവസ്ഥ, ഇന്ദ്രിയങ്ങൾക്കപ്പുറത്തുള്ള അവസ്ഥയെകുറിച്ച് ഇന്ദ്രിയങ്ങളുടെ മേഖലയിൽ തിരിച്ചെത്തി, മനസ്സിലാക്കികൊടുക്കുവാൻ ശ്രമിച്ചാൽ എങ്ങനെ സാധിക്കും? ഇന്ദ്രിയങ്ങളെക്കൊണ്ടല്ലേ മനസ്സിലാക്കി കൊടുക്കുവാൻ സാധിക്കുകയുള്ളു. മനസ്സിലാക്കുവാൻ ശ്രമിക്കുന്നവർ ഇന്ദ്രിയങ്ങളെക്കൊണ്ടല്ലേ മനസ്സിലാക്കൂ. ഇന്ദ്രിയങ്ങൾക്ക് അപ്പുറത്തുള്ള അവസ്ഥയെ ഒരാൾ ഇത് എങ്ങനെ വിവരിക്കും? ഇന്ദ്രിയങ്ങളുടെ മേഖലയിലുള്ള അനുഭൂതികളെപോലും മനസ്സിലാക്കി കൊടുക്കുവാൻ പ്രയാസമാണ്. വളരെ സൂക്ഷ്മമായ അവസ്ഥകൾ – സൂക്ഷ്മമായതെന്തിനു, പല സ്ഥൂലമായ അവസ്ഥകളും ശബ്ദങ്ങളെകൊണ്ട് എങ്ങനെ വ്യക്തമാക്കും? ഉദാഹരണം പറഞ്ഞാൽ തണുപ്പത്ത് കാലു വിണ്ടുകീറി വേദനിക്കുന്നത്, ഭയങ്കര വേദനയാണ്! എന്തുമാത്രം വേദനയാണ് എന്ന് ഒരാൾ എങ്ങനെ മറ്റൊരാളെ പറഞ്ഞു മനസ്സിലാക്കും? വേദനയാണ്. ഇനി, ഒരു സ്ത്രീക്ക് പ്രസവവേദനയാണ്. പ്രസവവേദന അറിഞ്ഞിട്ടില്ലാത്ത ഒരു സ്ത്രീയോട് അതെങ്ങനെ പറഞ്ഞു മനസ്സിലാക്കും?

സ്വയം അനുഭവത്താൽ മാത്രം അറിയുവാൻ കഴിയുന്ന കാര്യം ശബ്ദങ്ങളെ കൊണ്ട് വ്യക്തമാക്കുവാൻ സാധിക്കുകയില്ല. മധുരം ആണ്. മധുരം രുചിച്ചിട്ടേയില്ലാത്തയാളോട് മധുരമെന്താണെന്ന് എങ്ങനെ മനസ്സിലാക്കി കൊടുക്കും? ആയിരം തരത്തിൽ ശ്രമിച്ചാലും മനസ്സിലാകുകയില്ല. ശർക്കരയുടെ മധുരം ഇന്ന തരത്തിലാണ്, പഞ്ചസാരയുടെ മധുരം ഇന്നതരത്തിലാണ്, ഐസ്ക്രീം ഇന്ന തരത്തിലാണ്. മധുരമെന്ന രുചി അറിഞ്ഞിട്ടേയില്ല. എങ്ങനെ മനസ്സിലാക്കി കൊടുക്കും! എങ്ങനെ മനസ്സിലാകും? മനസ്സിലാക്കണമെങ്കിൽ മൂന്നും രുചിച്ചുനോക്കിയാൽ മനസ്സിലാകും. എന്നാൽ രുചിച്ചു നോക്കാത്തയാൾക്ക് എങ്ങനെ മനസ്സിലാകും? ഇതൊക്കെ ഇന്ദ്രിയക്ഷേത്രങ്ങളുടെ കാര്യമാണ്. അത് ശബ്ദം കൊണ്ട് വ്യക്തമാക്കുവാൻ സാധിക്കുന്നില്ല. മനസ്സിലാക്കുവാനും സാധിക്കുന്നില്ല. ഇന്ദ്രിയങ്ങൾക്കപ്പുറത്തുള്ള അവസ്ഥ, ഒരാൾക്ക് അനുഭവമായാൽ, അത് മറ്റുള്ളവരെ മനസ്സിലാക്കാൻ ശ്രമിച്ചാൽ അതെങ്ങനെ വ്യക്തമാകും? പറ്റില്ല. വേണമെങ്കിൽ പറയാ – ഇവിടെ തരംഗങ്ങളുണ്ട്. അവിടെ തരംഗങ്ങളില്ല. ഇല്ലായിരിക്കാം. ഇതുമല്ല, അതുമല്ല എന്നാൽ എന്ത്? ഇല്ല, ശരി, എന്ത് ഉണ്ട്? എന്തുണ്ടെന്ന് എങ്ങനെ പറയും? പറയുവാൻ തുടങ്ങിയാൽ മനസ്സിലാക്കണം ഈ പറയുന്നയാൾക്ക് അനുഭവമുണ്ടായിട്ടില്ല എന്ന്. അനുഭവമുണ്ടായാൽ മൂകമായിത്തീരും. പറയുകയേയില്ല. പറയാൻ കഴിയുകയില്ല.

ഭാരതത്തിൽ ഇത്രമാത്രം വർഗ്ഗീയ–വിഭാഗീയ സമ്പ്രദായങ്ങൾ നിലനിൽക്കുന്നത് ഈ രോഗം മൂലമാണ്. ആ അന്തിമമായ അവസ്ഥയെ അനുഭവിക്കാത്തവർ, ഈ മേഖലയിൽ വിഹരിച്ചുകൊണ്ട് അതിനെകുറിച്ച് കൽപന ചെയ്യുകയാണ്. അഥവാ ഈ മേഖലയിലെ ഏതോ അനുഭവത്തെ അന്തിമമായ അനുഭൂതിയാണെന്ന് വിശ്വസിക്കുകയാണ് – അപ്പുറത്തെ അനുഭവമായി നിർവ്വാണത്തിന്റെ അനുഭൂതിയുണ്ടായി, അമൃതത്തിന്റെ അനുഭൂതിയുണ്ടായി എന്ന്. യഥാർത്ഥമായി അനുഭൂതിയുണ്ടായിട്ടില്ലാ എന്നാൽ ആളുകളെ പറഞ്ഞ് വിശ്വസിപ്പിച്ച് അതും ഒരു ഫിലോസഫിയായി സ്ഥാപിക്കും – ഇതാണ് നമ്മുടെ വിശ്വാസം, ഇതുപോലാണ് നമ്മുടെ വിശ്വാസം. എന്നാൽ ഈ മേഖലയിൽതന്നെ അനേകം അനുഭൂതികളുണ്ടാകും. അനിത്യ ക്ഷേത്രത്തിൽ സ്ഥൂലമായവ തുടങ്ങി സൂക്ഷ്മമായ അവസ്ഥവരെ എത്രമാത്രം അനുഭൂതികളാണുണ്ടാകുന്നത്. ആരെങ്കിലും അതിലൊരവസ്ഥയിൽ എത്തിയിട്ട് അതാണ് അന്തിമമായ അവസ്ഥ, എനിക്കിങ്ങനെ അനുഭവമായി – അയാൾ അവിടെ ഒരു ദർശനശാസ്ത്രം സ്ഥാപിക്കും, ഒരു മതം സ്ഥാപിക്കും. ആളുകൾ അതിനോട് ആഭിമുഖ്യം കാണിക്കും. അതിൽ അകപ്പേട്ടുപോകും. അവിടെ കുരുങ്ങിപ്പോകുകയും ചെയ്യും.

അന്തിമമായ അവസ്ഥ വരെ എത്തുന്നയാൾ യാതൊരു വിഭാഗീയ സമ്പ്രദായവും സ്ഥാപിക്കുകയില്ല. ദാർശനിക വിശ്വാസത്തിൽ ആരെയും ബന്ധിക്കുകയില്ല. കാരണം എല്ലാ സമ്പ്രദായങ്ങളും ബന്ധനങ്ങളാണ് എന്നയാൾ അറിയുന്നു. ശരിക്കും മനസ്സിലായി – എല്ലാ ദാർശനിക ശാസ്ത്രങ്ങളും ബന്ധനങ്ങളാണ്. കാരണം അവ അപൂർണ്ണ ജ്ഞാനമാണ്. അനുഭവമുണ്ടായിട്ടില്ല, കൽപനകൾ ചിറകുവിടർത്തിയതാണ്. വളരെ കുറച്ചുമാത്രമാണ് അനുഭവമുണ്ടായിട്ടുള്ളത്, അന്തിമമായ ലക്ഷ്യത്തിൽ എത്തിയിട്ടില്ല. അതുകൊണ്ട് അങ്ങനെ ഒരു വ്യക്തി ആരെയും ഒന്നു കൊണ്ടും കെട്ടുകയില്ല. എങ്ങനെ കെട്ടും? ബന്ധനങ്ങളുടെ പ്രവർത്തി എങ്ങനെ ചെയ്യും? ഒരിക്കലും ചെയ്യുകയില്ല. എന്നാൽ മുക്തനായ വ്യക്തി ഇതേ പറയൂ – സഹോദരാ, മുക്തിയിലേക്കുള്ള മാർഗ്ഗം ഇതാണ്, വിപശ്യന ചെയ്ത് പ്രജ്ഞ ഉണർത്തി, അന്തിമമായ സത്യത്തെ അനുഭവിച്ചറിയുക. സകല വികാരങ്ങളിൽ നിന്നും മുക്തമായി ആ മോക്ഷാവസ്ഥയുടെ, ഇന്ദ്രിയാതീതമായ അവസ്ഥയെ അനുഭവിക്കുക. ഈ മാർഗ്ഗം വിഭാഗീയ സമ്പ്രദായവാദികൾക്കുള്ളതല്ല. ഇതേ പറയൂ – വർഗ്ഗീയ–വിഭാഗീയ സമ്പ്രദായങ്ങളിൽ കുരുങ്ങികിടക്കുന്ന വ്യക്തി ഈ മാർഗ്ഗത്തിലേക്ക് അയോഗ്യനാണ്. ഇതയാൾക്കുള്ള പ്രവർത്തന മേഖലയല്ല. ഇവിടെ വേണ്ടവിധം പ്രവർത്തിക്കാൻ കഴിയുകയില്ലയാൾക്ക്. കുറച്ച് ചെയ്യും, തെറ്റിദ്ധാരണയിൽപെടും – ശരി, ശരി, നമ്മുടെ തത്വശാസ്ത്രം ഇങ്ങനെയല്ലെ? ഇതു തന്നെ വളരെ ശരി. അവിടെ വഴിമുട്ടി, നിന്നുപോകും. കാരണം അയാളുടെ വിശ്വാസങ്ങളിൽ മുറുകെ പിടിച്ചു നിൽക്കുകയാണ്. അയാൾക്ക് സത്യത്തെ അറിയുന്നതിൽ താൽപര്യമില്ല. തന്റെ സമ്പ്രദായ വിശ്വാസത്തിൽ അത്രക്കും ഒട്ടിച്ചേർന്നിരിക്കുകയാണ്. അത് സ്ഥാപിക്കുവാനുള്ള അഭിരുചിയാണ്. ഇടക്കുള്ള ധർമ്മശാലയിൽ എവിടെയോ ഇക്കൂട്ടർ നിന്നുപോകും. ഈ മാർഗ്ഗം അങ്ങനെയുള്ളവർക്കുള്ളതല്ല. സമ്പ്രദായത്തിൽ കുരുങ്ങി

കിടക്കുന്നവർ തനിക്ക് അത്രയും വലിയ മതിൽ തീർക്കും. മുന്നേറുകയില്ല. ആ മതിൽ ഇല്ലാതാകണം, സമ്പ്രദായത്തിന്റെ എല്ലാ വേലികളും തകർന്നേ മുന്നേറുവാൻ സാധിക്കുകയുള്ളു.

അതേപോലെ ദർശനത്തിന്റെ പേരിലും ദാർശനിക വിശ്വാസ പ്രമാണങ്ങ ളുടെ പേരിലുള്ള ബന്ധനങ്ങളിൽ പ്പെട്ടുകിടക്കുന്നവർക്കുള്ളതുമല്ല. മുക്തരാകാൻ കഴിയില്ല. കാരണം അവർ – തങ്ങളുടെ വിശ്വാസം ഇന്നതാണ്, തങ്ങളുടെ വിശ്വാസം ഇങ്ങനെയാണ് – ഇത് സ്ഥാപി ച്ചെടുക്കുന്നതിൽ ശ്രദ്ധിക്കും. അതുമായി പൊരുത്തപ്പെടുന്നതു പോലിരിക്കുന്ന ഏതെങ്കിലും അനുഭൂതിയുണ്ടായാൽ തീർന്നു; അന്തിമമായ അവസ്ഥയിൽ എത്തിചേർന്നു, വളരെ ശരി! അങ്ങനെയുള്ളവർ അന്തിമ അവസ്ഥ വരെ എത്തുകയില്ല. എന്നാൽ സമ്പ്രദായത്തിന്റെ എല്ലാ കുരുക്കുകളും, ഒരു വശത്ത് മാറ്റി വെക്കുന്നയാൾ, എല്ലാ ദാർശനിക വിശ്വാസ പ്രമാണങ്ങളേയും ഒരിടത്ത് മാറ്റി വെക്കുന്നയാൾ, തന്റെ അനുഭൂതിയിൽ പ്രകടമാകുന്ന സത്യത്തെ സ്വീകരിച്ചുകൊണ്ട് മുന്നോട്ടു പോകുന്നയാൾ – വിശ്വാസ പ്രമാണങ്ങൾ എന്തുമാകട്ടെ, ശാസ്ത്രം എന്തും പറയട്ടേ, സ്വന്തം അനുഭൂതിയെ ആശ്രയിച്ച് മുന്നേറണം. അങ്ങനെ യുള്ള വ്യക്തി അടിയടിയായി മുന്നേറി അന്തിമമായ അവസ്ഥവരെ എത്തുക തന്നെ ചെയ്യും.

അതുകൊണ്ട് വളരെ അത്യാവശ്യമാണ് – ഈ മാർഗ്ഗത്തിലൂടെ പോകുന്നയാൾ ഒരു വിശ്വാസ ത്തെയും നിന്ദിക്കുകയില്ല, ഒരു വിശ്വാസത്തോടും ചേർന്നിരിക്കുകയുമില്ല. പ്രത്യക്ഷമായ അനുഭൂതിയെ ആശ്രയിച്ച് പോകും. ഈ ഉണ്ടായ അനുഭൂതികൾ എല്ലാം അപൂർണ്ണമായതാണ് എന്ന് അറിഞ്ഞുകൊണ്ട് മുന്നേറും. ജോലി ആരംഭിച്ചപ്പോൾ സ്ഥൂലമായ സത്യത്തിന്റെ അനുഭൂതി ഉണ്ടായി. കുറെ മുന്നേറുമ്പോൾ അതിലും സൂക്ഷ്മമായതിന്റെ, അതിലും സൂക്ഷ്മമായതിന്റെ അനുഭൂതിയുണ്ടാകും. ഇങ്ങനെ അനുഭവിച്ച് അനുഭവിച്ച് സൂക്ഷതരം, സൂക്ഷതമം – ഭൗതിക ശരീരത്തെകുറിച്ചുള്ള സൂക്ഷ്മമായ അനുഭൂതിയിൽ എത്തും, ചിത്ത ത്തെയും ചിത്തവൃത്തിയേയും സംബന്ധിക്കുന്ന അന്തിമമായ സത്യം വരെ എത്തും. അപ്പോൾ ഇതിനുമപ്പുറത്തുള്ള അവസ്ഥ – ശരീരത്തിനും ചിത്തത്തിനും അപ്പുറത്തുള്ള അവസ്ഥയുണ്ട്, തരംഗാതീതമായ അവസ്ഥ! അവിടെ തരംഗങ്ങളില്ല, അവിടെ ഉത്പന്നമാകുന്നില്ല. അവിടെ വ്യയമാകുന്നില്ല. അതിന്റേയും അനുഭൂതി യുണ്ടാകുമ്പോൾ മാത്രം അംഗീകരിക്കുക, അല്ലാത്തപക്ഷം അംഗീകരിക്കേണ്ട. ആരെങ്കിലും പറഞ്ഞതുകൊണ്ട് വിശ്വസിക്കരുത്. നിർവ്വാണം സത്യമാണ്, ഇതിൽ യാതൊരു സന്ദേഹവുമില്ല. എന്നാലും നമുക്ക് സത്യമല്ല, ഇതനുഭവിക്കാത്ത വ്യക്തിക്ക് സത്യമല്ല.

…..തുടരും.